## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3244** **01-03-2023 - ൽ മറുപടിയ്ക്ക്**

## പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളിലോ മാർഗ്ഗനിർദ്ദേശങ്ങളിലോ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പ്രൈമറി അദ്ധ്യാപകർക്ക് 30 ശതമാനം ഒഴിവുകളും ഹൈസ്കൂൾ അദ്ധ്യാപകർക്ക് 25 ശതമാനം ഒഴിവുകളും ആയിരുന്നു അന്തർജില്ലാ സ്ഥലംമാറ്റത്തിനായി വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ, സ.ഉ. (പി) നം. 36/91/പി&എആർ.ഡി. തീയതി 02.12.1991 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലേയും ഓരോ വിഭാഗത്തിലേയും ഓരോ വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ബാധകമാക്കി സ.ഉ. (അച്ചടി) നം. 27/2021/പൊ.വി.വ. തീയതി 24.12.2021 പ്രകാരം ഉത്തരവായിട്ടുള്ളത്. |
| (ബി) | ജില്ല തലത്തിലുള്ള പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ കേഡർ സ്ട്രെങ്ങ്തും അദ്ധ്യാപകരുടെ എണ്ണവും കൃത്യമായി വിശകലനം ചെയ്തിട്ടാണോ ഇതിനുള്ള നടപടി സ്വീകരിച്ചത്; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. പ്രൈമറി അദ്ധ്യാപകർക്ക് 30 ശതമാനം ഒഴിവുകളും ഹൈസ്കൂൾ അദ്ധ്യാപകർക്ക് 25 ശതമാനം ഒഴിവുകളും ആയിരുന്നു അന്തർജില്ലാ സ്ഥലംമാറ്റത്തിനായി വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ, സ.ഉ. (പി) നം. 36/91/പി&എആർ.ഡി. തീയതി 02.12.1991 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലേയും ഓരോ വിഭാഗത്തിലേയും ഓരോ വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ അന്തർ ജില്ലാ സ്ഥലം |

| | | | |
|---|---|---|---|
| | | | മാറ്റത്തിന് ബാധകമാക്കി സ.ഉ. (അച്ചടി) നം. 27/2021/പൊ.വി.വ. തീയതി 24.12.2021 പ്രകാരം ഉത്തരവായിട്ടുള്ളത്. |
| (സി) | നിലവിൽ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകർക്ക് എത്ര ശതമാനം ഒഴിവുകളാണ് അന്തർജില്ല സ്ഥലം മാറ്റത്തിനായി വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും മുൻപ് എത്ര ശതമാനം ആയിരുന്നുവെന്നും അറിയിക്കാമോ; | (സി) | സ.ഉ. (അച്ചടി) നം. 27/2021/പൊ.വി.വ. തീയതി 24.12.2021 പ്രകാരം 2021-22 അധ്യയന വർഷം മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ അനുപാതം 10 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് സ.ഉ. (എം.എസ്. ) നം. 120/99/ ജി.ഇ.ഡി.എൻ. തീയതി: 25.05.1999, ജി. ഒ(എം. എസ്.) നം. 8/2009/പൊ.വി.വ തീയതി: 20.01.2009, ജി. ഒ(എം.എസ്.) നം. 6/2018/ പൊ.വി.വ. തീയതി: 23.01.2018, ജി.ഒ. (എം.എസ്) നം. 278/2013/പൊ.വി.വ. തീയതി: 18.10.2013 എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള വിഹിതം താഴെ പറയും പ്രകാരം ആയിരുന്നു.<br><br>പ്രൈമറി വിഭാഗം - 30%<br><br>ഹൈസ്കൂൾ വിഭാഗം - 25%<br><br>ജൂനിയർ ലാംഗ്വേജ് അധ്യാപകർ - 30%<br><br>പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അധ്യാപകർ - 35% |
| (ഡി) | അന്തർജില്ല സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റം കാരണം അന്യജില്ലകളിൽ സേവനമനുഷ്ഠിക്കുന്ന പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകർക്ക് മാതൃജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് വലിയ കാലതാമസം നേരിടേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ.ഉ. (അച്ചടി) നം. 27/2021/ പൊ.വി.വ. തീയതി 24.12.2021 പ്രകാരമുള്ള 10 ശതമാനം അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുന:പരിശോധിച്ചു വരുന്നു. |
| (ഇ) | എങ്കിൽ ആരോഗ്യപരമായും ശാരീരികമായും അവശത നേരിടുന്ന അദ്ധ്യാപകരുടെ കാര്യത്തിലെങ്കിലും പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ ഇളവ് അനുവദിച്ച് അന്തർജില്ല സ്ഥലം മാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ.ഉ. (അച്ചടി) നം. 27/2021/ പൊ.വി.വ. തീയതി 24.12.2021 പ്രകാരമുള്ള 10 ശതമാനം അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുന:പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ